പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3736 – 21.06.2018 ലെ മറുപടിയ്ക്ക്

**<u>എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരുടെ ശമ്പള സ്കെയിൽ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ഷാഫി പറമ്പിൽ | ശ്രീ റ്റി എം തോമസ് ഐസക്<br>ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | ടെസ്റ്റ് യോഗ്യത നേടിയ എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്ക് സമയബന്ധിത ഹയർഗ്രേഡിന് സർക്കാർ സ്കൂൾ ക്ലാർക്കുമാരുടേതിനു സമാനമായ ശമ്പള സ്കെയിൽ നൽകിയിരുന്നോ; | എയ്ഡഡ് സ്കൂളിലെ ടെസ്റ്റ് യോഗ്യത നേടിയ ക്ലാർക്കുമാർക്ക് സർക്കാർ സ്കൂളിലെ ക്ലാർക്കുമാരുടേതിനു സമാനമായ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കണമെങ്കിൽ മേൽ സ്ഥാപനത്തിനു കീഴിൽ ക്ലാർക്ക് തസ്തികയ്ക്ക് തുടർ പ്രൊമോഷൻ തസ്തികകളായ യു ഡി ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നീ തസ്തികകൾ ഉണ്ടായിരിക്കണം. അല്ലാത്ത പക്ഷം അതാത് ശമ്പള പരിഷ്കരണ ഉത്തരവുകളിലെ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലുകളിൽ മാത്രമേ 1 ഉം 2 ഉം സമയ ബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ചു നൽകാൻ വ്യവസ്ഥയുള്ളൂ. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യമെന്ന നിലയിൽ മൂന്നാമത്തെ സമയ ബന്ധിത ഹയർഗ്രേഡ് ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയിൽ അനുവദിച്ചു വരുന്നു. |

| | | |
|---|---|---|
| (ബി) | ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും തടസ്സ വാദം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ കാരണം എന്താണ്; | സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരായാലും ഗവൺമെന്റ് നേരിട്ട് ശമ്പളം നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരായാലും സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ തസ്തികയിലെ ശമ്പള സ്കെയിലിൽ അനുവദിക്കണമെങ്കിൽ ആ സ്ഥാപനത്തിൽ പ്രൊമോഷൻ തസ്തിക നിലവിലുണ്ടായിരിക്കണം. പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ പ്രൊമോഷൻ തസ്തികയുടെ സ്കെയിലിലും പ്രൊമോഷൻ തസ്തിക നിലവിലില്ലെങ്കിൽ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലിലുമാണ് ഗ്രേഡ് അനുവദിക്കേണ്ടത്. |
| (സി) | ഇത് പുനഃസ്ഥാപിക്കുന്ന കാര്യം അനുഭാവ പൂർണ്ണം പരിഗണിക്കുമോ; | പ്രസക്തമല്ല. |

**സെക്ഷൻ ഓഫീസർ**